പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 373 12.01.2021 -ൽ മറുപടിക്ക്.

**സൗജന്യ ഭക്ഷ്യക്കിറ്റുകൾ**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. അൻവർ സാദത്ത്** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) കോവിഡ് പശ്ചാത്തലത്തിൽ സൗജന്യമായി ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതി ആവിഷ്കരിച്ചിരുന്നോ; വിശദാംശം നൽകുമോ; | (എ) ആവിഷ്കരിച്ചിരുന്നു. സംസ്ഥാനത്ത് ഏകദേശം 89 ലക്ഷത്തോളം കുടുംബങ്ങൾക്കാണ് പദ്ധതിയുടെ ഗുണഫലം ലഭ്യമാകുന്നത്. കോവിഡ് അതിജീവന കിറ്റുകൾ 84.90 ലക്ഷം കുടുംബങ്ങൾക്കും ഓണക്കിറ്റുകൾ 83.72 ലക്ഷം കുടുംബങ്ങൾക്കും സെപ്റ്റംബർ മാസകിറ്റുകൾ 83.91 ലക്ഷം കുടുംബങ്ങൾക്കും ഒക്ടോബർ മാസകിറ്റുകൾ 83.68 ലക്ഷം കുടുംബങ്ങൾക്കും വിതരണം പൂർത്തിയായിട്ടുണ്ട്. നവംബർ, ഡിസംബർ മാസങ്ങളിലെ കിറ്റ് വിതരണം 09.01.2021 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. പ്രസ്തുത മാസങ്ങളിൽ ശരാശരി 84 ലക്ഷം കിറ്റുകൾ വിതരണം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ 99736 ഫിഷർമാൻ കിറ്റുകളും വിതരണം ചെയ്തിട്ടുണ്ട്. അതോടൊപ്പം സർക്കാർ അംഗീകൃതവും അല്ലാത്തതുമായ വിവിധ ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്കും 4 അന്തേവാസികൾക്ക് ഒന്ന് എന്ന കണക്കിൽ സ്പെഷ്യൽ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത ഭക്ഷ്യക്കിറ്റുകളിൽ വിതരണം ചെയ്ത സാധാനങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച് ഉണ്ടായ വ്യാപകമായ പരാതി പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (ബി) ശർക്കര, പർപ്പടകം എന്നിവയുടെ ഗുണനിലവാരം സംബന്ധിച്ച് ഉയർന്ന പരാതി പരിശോധിക്കുകയും സപ്ലൈകോ ഗുണനിലവാര നിയന്ത്രണ വിഭാഗം നടത്തിയ പരിശോധനയിൽ ടി സാധനങ്ങളിൽ ഗുണനിലവാര വ്യതിയാനം കണ്ടെത്തിയതിനെ തുടർന്ന് പ്രസ്തുത ബാച്ചുകൾ വിതരണത്തിൽ നിന്ന് പിൻവലിക്കുകയും ഗുണനിലവാര പ്രശ്നമുള്ള ശർക്കര ഒഴിവാക്കി പകരം 1.5 കിലോഗ്രാം പഞ്ചസാര ഉപയോഗിച്ച് കിറ്റ് വിതരണം പൂർത്തിയാക്കുകയും ചെയ്തു. കൂടാതെ സി.എഫ്.ആർ.ഡി, കോന്നി മറ്റ് സ്വകാര്യ ലാബുകൾ എന്നിവയുടെ സേവനം കൂടി ഉൾപ്പെടുത്തുകയും കൂടുതൽ ക്വാളിറ്റി അഷ്വറൻസ് ഓഫീസർമാരെ നിയമിക്കുകയും ഗുണനിലവാരം നിയന്ത്രണ സംവിധാനം ശക്തപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (സി) ശർക്കര, പർപ്പടകം എന്നിവയുടെ ഗുണനിലവാരം വളരെ മോശമായിരുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ അവ വിതരണം ചെയ്ത കമ്പനികൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്; വിശദാംശം നൽകുമോ ; | (സി) ഗുണനിലവാര വ്യതിയാനമുള്ള ശർക്കര വിതരണം ചെയ്ത കമ്പനികളുടെ പ്രസ്തുത സ്റ്റോക്കിന്റെ വില തടഞ്ഞുവയ്ക്കുകയും ഒരു വർഷത്തേയ്ക്ക് ഇവരിൽ നിന്നും ഭക്ഷ്യ വസ്തുക്കൾ വാങ്ങുന്നതിന് വിലക്ക് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പർപ്പടകം വിതരണം ചെയ്ത കമ്പനികളുടെ ഗുണനിലവാര വ്യതിയാനമുള്ള സ്റ്റോക്കിന്റെ വില തടഞ്ഞുവയ്ക്കുകയും മൂന്ന് മാസത്തേയ്ക്ക് ഇവരിൽ നിന്നും ഭക്ഷ്യ വസ്തുക്കൾ വാങ്ങുന്നതിന് വിലക്ക് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ കമ്പനികളിൽ നിന്നും പിഴ ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ഡി) കിറ്റ് നൽകുന്നതിനായി തമിഴ്നാട്ടിൽ നിന്നും കുറഞ്ഞ വിലയുള്ള സഞ്ചി വാങ്ങി കൂടിയ വിലയ്ക്ക് കുടുംബശ്രീ യൂണിറ്റുകൾ നൽകിയെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്താണെന്ന് അറിയിക്കുമോ | തമിഴ്നാട്ടിൽ നിന്നും കുറഞ്ഞ വിലയുള്ള സഞ്ചി വാങ്ങി കൂടിയ വിലയ്ക്ക് കുടുംബശ്രീ യൂണിറ്റുകൾ നൽകിയെന്ന ആക്ഷേപത്തിന്മേൽ സപ്ലൈകോയുടെ വിജിലൻസ് ഓഫീസർ അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ട് കുടുംബശ്രീ ഡയറക്ടറെ അറിയിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത യൂണിറ്റുകൾക്കെതിരെ അച്ചടക്ക നടപടി കൈക്കൊള്ളുന്നതിനായി പാലക്കാട് ജില്ലാ മിഷനോട് നിർദ്ദേശിച്ചിട്ടുള്ളതായും മറ്റ് ജില്ലകളിൽ ഇത്തരം ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും കുടുംബശ്രീയിൽ നിന്നും അറിയിച്ചിട്ടുണ്ട്. |
| (ഇ) സൗജന്യ ഭക്ഷ്യകിറ്റുകൾ 2021 ഏപ്രിൽ വരെ തുടർന്ന് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; കിറ്റ് വിതരണത്തിനായി ആകെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ? | തീരുമാനിച്ചിട്ടുണ്ട്. ലോക്ഡൗൺ കാലത്ത് അതിജീവന കിറ്റ് വിതരണം ചെയ്യുന്നതിനായി 756 കോടി രൂപയും ഓണക്കിറ്റ് വിതരണത്തിനായി 440 കോടി രൂപയും അനുവദിച്ചിരുന്നു. തുടർന്ന് സെപ്റ്റംബർ മുതൽ ഡിസംബർ വരെ മാസങ്ങളിലായി കിറ്റ് വിതരണം ചെയ്യുന്നതിനും ലോക്ഡൗൺ കാലത്ത് കിറ്റ് വിതരണം നടത്തിയതിന്റെ കുടിശ്ശിക തുകയും ഉൾപ്പെടെ 1649.79 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം ആകെ 2845.79 കോടി രൂപയാണ് കിറ്റ് വിതരണത്തിനായി സപ്ലൈകോയ്ക്ക് നാളിതുവരെ അനുവദിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**